PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 • ISSUE : 12

DECEMBER 2010

## എഡിറ്റോറിയൽ

# നമുക്കു സന്തോഷിക്കാം

2010 നവംബർ ഒന്ന്. എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിന് അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും ദിവസം. അല്ലെങ്കിൽത്തന്നെ നവംബർ ആദ്യവാരം കേരളപ്പിറവിയും, മലങ്കരസഭയിലെ പരിശുദ്ധനായ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും, ജന്മദിനവും, സഭാവർഷാരംഭവും പ്രമാണിച്ച് എല്ലാവർക്കും ആഹ്ലാദത്തിന്റെ സമയം. അതിന് മകുടം ചാർത്താനെന്നോണം നിശ്ചയിച്ചുറപ്പിച്ച കാതോലിക്കാവാഴ്‌വിന്റെ ദിവസം. പരശതം വരുന്ന ഓർത്തഡോക്സ് പള്ളികളിൽ എറണാകുളം സെന്റ് മേരീസിൽ മാത്രം ഇടവകജനങ്ങൾക്ക് ശുശ്രൂഷചെയ്യുവാൻ അവസരം ലഭിച്ചിട്ടുള്ള വൈദികൻ സഭയെ നയിക്കുവാൻ സിംഹാസിതനാകുന്ന ദിവസം ഇടവകാംഗങ്ങൾക്ക് എങ്ങനെ മറക്കുവാൻ സാധിക്കും? ഒരു ദേവാലയത്തിന് ഇതിൽപരം ഒരുധന്യനിമിഷമുണ്ടോ?

ഓരോ സമ്മേളനങ്ങൾ കഴിയുമ്പോഴും വളരുന്ന സഭയെ കണ്ട് ആശ്വസിക്കണം. കാതോലിക്കാവാഴ്‌വിന്റെ പരുമല സമ്മേളനം തന്നെ എത്ര മനോഹരമായി ക്രമീകരിച്ചിരുന്നു. ആ സമ്മേളനം ദൈവസാന്നിദ്ധ്യം നിറഞ്ഞുനിന്നിരുന്ന ഒരു സംഭവമാക്കി തീർക്കാൻ സംഘാടകർക്കു സാധിച്ചതിൽ അവരെ അഭിനന്ദിക്കണം.

മോശയെ ദൈവം തിരഞ്ഞെടുത്തത് ഇസ്രായേൽ മക്കളെ മിസ്രയേമിൽ നിന്നും പുറപ്പെടുവിച്ച് കനാൻ ദേശത്തേക്ക് ആനയിക്കുവാനായിരുന്നല്ലോ. മോശ ദൈവഭയമുള്ളവനും നല്ലവനുമായിരുന്നതിനാൽ വിക്കനും, ബലഹീനനുമായ തന്നെക്കൊണ്ട് അതിന് കഴിയുമോ എന്ന സംശയവുമായി ദൈവത്തെ സമീപിച്ചു. അപ്പോൾ ദൈവം അരുളിച്ചെയ്തത് "ആകയാൽ നീ ചെല്ലുക. ഞാൻ നിന്റെ വായോടുകൂടിയിരുന്ന് നീ സംസാരിക്കേണ്ടത് നിനക്കുപദേശിച്ചു തരും" (പുറ 4: 1112) എന്നായിരുന്നല്ലോ. ദൈവ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷസ്ഥാനം വഹിക്കുന്ന കാതോലിക്കാ ബാവയോടും ദൈവം പറയുന്നത് ഇതുതന്നെയായിരിക്കും. ബാവാതിരുമേനിയുടെ ഓരോ കാൽ വയ്പിലും ദൈവത്തിന്റെ ഇഷ്ടം നിറവേറുവാൻ ദൈവംതന്നെ ഇടപെടുമെന്ന് നമുക്ക് ഉറപ്പിക്കാം. സഭ കടന്നു പോകുന്ന വിഷമസന്ധികളിൽ എല്ലാം തന്നെ ദൈവം മോശെക്ക് കൊടുത്ത വാക്ക് ബാവാതിരുമേനിക്കും ലഭിക്കുമെന്ന് വിശ്വസിക്കാം. ദൈവമേ നീ ദാവീദിനോട് ചെയ്ത "നിന്റെ സിംഹാസനത്തെ തലമുറതലമുറയോളം ഉറപ്പിക്കും" (സങ്കീ 89:4) എന്ന വാഗ്ദാനം നിന്റെ ദാസനായ പ. പൗലോസ് ദ്വിതീയൻ ബാവായ്ക്കും ബാധകമാക്കേണമേയെന്നു പ്രാർത്ഥിക്കാം.

നമ്മുടെ ഇടവകയെ നയിച്ചിരുന്ന വൈദികൻ ബാവാ തിരുമേനിയായി സഭയെ നയിക്കുമ്പോൾ നമുക്കും ചില ചുമതലകൾ തനിയെ ഉണ്ടാവുകയാണ്. എറണാകുളം സെന്റ് മേരീസിൽ മാത്രമേ ഞാൻ വൈദികനായി സേവനമനുഷ്ഠിച്ചിട്ടുള്ളൂ എന്ന് നമ്മുടെ കത്തീഡ്രലിൽ പ്രസംഗിച്ചതുപോലെ മറ്റുള്ളിടത്തും ധൈര്യമായി ബാവായ്ക്ക് പറയണമെങ്കിൽ കത്തീഡ്രൽ അംഗ ങ്ങൾ അച്ചടക്കമുള്ളവരും, മറ്റുള്ളവർക്ക് മാതൃകയുമായിരിക്കണം.

മോശ ഇസ്രയേൽ ജനതയ്ക്കു കൊടുത്ത ഉറപ്പ്, "പുരാതനനായ ദൈവം നിന്റെ സങ്കേതം. കീഴെ ശാശ്വതഭുജങ്ങളുണ്ട്" (ആവ 33:27), നമുക്കും ബാവാതിരുമേനിക്കു കൊടുക്കാം. യോജിപ്പിലും പരസ്പര സ്നേഹത്തിലും ബാവായോട് വിശ്വസ്തരായിരിക്കു വാൻ ശ്രമിക്കയും, സഭയെ ഏറ്റവും ഭംഗിയായി നയിക്കുവാനുള്ള കഴിവ് ബാവായ്ക്ക് നൽകുവാൻ ദൈവത്തോട് അപേക്ഷിക്കയും ചെയ്യാം.

# A UNIQUE FESTIVAL OF MESSAGE OF HOPE AND LIGHT

**Dr. Yakob Mar Irenaios Metropolitan**



Every festival brings in its festive train a central message, and that exactly is the content and significance of the feast. Christmas brings the evergreen message of the arrival of the Son of God as one among us, to be with us for ever.

The world has been and still is clouded by the illusions and empty glitter brought about by the forces of darkness and immorality. The birth of the Son of God effaced those shadows which intermittantly assay to deflect out attention from the Sun of Righteousness. Those who accept this free gift of light and life got transformed into His likeness; and they are free from the bondage of death and sin.

Jesus is "one who saves". It is this undying promise that is carried to all creation with the waftness and simplicity of Christmas carols. The "poor in spirit" everywhere would listen to it and are ravished by its beams. Shepherds are the primary witnesses to this treat, where earth and heaven assemble to rejoice and proclaim the good news to the world. The birth of Jesus has been described as 'heaven mildly touching the earth' by the Eastern Church Fathers.

Here heaven starts teachng us that "the meaning of life can be found only in some mystrious meeting between death and love"( Louis Bouyer). Christmas brings cheer to agonised hearts and lives - that they are not alone, God is with them! Christ came to carry our burdens and to die for us. Christmas begins to relate that long story of life on that quiet night in Bethlehem.

Here we are challenged to turn our eyes and minds to Nature as well as our brothers and sisters around. We are allowed to live in nature and be 'natural' in everything! The poor and neglected, who are with us in our own society, are the "fruit"of the callousness and neglect and greed of many like us. The querry, 'why is he poor"? is rarely raised! This is an occasion to realize that there is a special place in the mind of God for the poor and the innocent suffering.

The Chrismas stars tell the story of guidance - guiding people to their real destinations. This festval of light speaks volumes about those whose lives are darkened by sin, selfishness and arrogance. Let the Light of Christmas reach those lives which are marred by the darkness of injustice and immorality. It is an occasion to celebrate the love of God for us all, and to care for the poor and needy. Perhaps that is the real spirit of celebration behind these festivities. The celebration becomes meaningless unless every one of us has an inspired message for another one among us. Yes, we are the message! Let us kneel at the manger in faith ,and touch the Holy Infant, and receive the inspired message for all. It is the scene of poverty ,innocence and holiness. This is the poverty of heaven. God's poverty is richer than all the riches of this world!

May this Christmas bring us the blessings to imbibe the mind of Christ and decide to live naturally and care for the less fortunate. Then we see the Babe of Bethlehem smiling at us................Oh, that innocent smile of Jesus!

Wish you all a real Happy Christmas! ■

## വികാരിയുടെ കത്ത്



# ക്രിസ്തുരൂപം വെളിപ്പെടുന്നു.

**ഫാ. പ്രിൻസ് മാത്യു**

ഡിസംബറെന്ന ക്രിസ്തുമസ് കാലത്തിന്റെ മൊട്ട് ഒരിക്കൽ കൂടെ വിരിഞ്ഞിരിക്കുന്നു. ഈ കാലത്തിന്റെ അടുത്ത അടരിലേക്ക് ഒരെത്തിനോട്ടം നടത്തിയാൽ, ലോകം, നാടും നഗരവും വേർതിരിക്കാനാകാത്തവിധം, അതിലെ ജനപഥങ്ങളാൽ അലങ്കരിക്കപ്പെടുന്ന കാഴ്ചയാണ്. നാട്ടിലെയും, നഗരത്തിലെയും ആലയങ്ങളെല്ലാം - ദൈവാലയവും, വിദ്യാലയവും, മദ്യാലയവും, വഴിയമ്പലങ്ങൾപോലും അലംകൃതമാകുന്നു. ക്രിസ്തു എല്ലായിടത്തുമുള്ള സർവ്വവ്യാപിയാണല്ലോ-ഏതു ചുമരിനും ചേരുന്ന ഛായയും, ചിത്രവുമാണല്ലോ ക്രിസ്തുവിന്റേത്! ഇതൊരു വിപര്യയമാണെന്ന് തോന്നിപ്പോകുന്നു. ആശ്വസിക്കാനൊന്നുണ്ട്. അലങ്കാരങ്ങൾ ക്രിസ്തുരൂപം വെളിവാക്കുന്നില്ലെങ്കിലും, ആഘോഷങ്ങളെല്ലാം "ഉയരത്തിൽ നിന്നും സന്ദർശിച്ച ഉദയത്തിന്റെ" - ക്രിസ്തുവിന്റെ പേരിലാണല്ലോ. ക്രിസ്തു ചിത്രം ഇങ്ങനെയെങ്കിലും മനതാരിൽ നിറയുമല്ലോ.

ദൈവം സ്വർഗ്ഗം ചായിച്ചിറങ്ങിവന്നതിന്റെ പൂർണ്ണരൂപമാണ് ക്രിസ്തുമസ്. ക്രിസ്തു, രൂപം പ്രാപിച്ചതാണല്ലോ ക്രിസ്തുമസ്സിന്റെ പ്രധാന പ്രമേയം. "ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ലെന്ന" മാലാഖ്യവചനത്തിന്റെ ഒരു പൊരുൾ. സാധ്യമല്ലാത്തതും, സാദ്ധ്യതയില്ലാത്തതുമായ എന്തോ ഒന്ന് സംഭവിക്കുമെന്നാണല്ലോ. "മച്ചി എന്ന് വിളിക്കപ്പെട്ടിരുന്നവൾക്ക് ഇത് ആറാംമാസം" - ഇതിന്റെ അർത്ഥവും മറ്റൊന്നല്ല. കന്യകയുടെ മാംസിക ഉദരത്തിൽ ഉണ്ണിയേശു രൂപപ്പെട്ടതും അതിനു മുമ്പ് വന്ധ്യത്വവും, വൃദ്ധതയും ചേർന്ന് പുഷ്ടി നഷ്ടപ്പെട്ട എലിസബേത്ത് പുഷ്പവതിയായതും തടസ്സങ്ങളുടെയും, സാദ്ധ്യതയില്ലായ്മയുടെയും ഇടയിലാണ്. മാനുഷിക ബോധത്തിലും, വിശകലനത്തിലും യാതൊരു സാദ്ധ്യതയും ഇല്ലാത്തിടത്തും ദൈവരൂപം വ്യക്തമായി തെളിയുന്നു. യേശുവിന് രൂപപ്പെടാൻ "സൂചിക്കുഴയുടെയത്രയും" വലുപ്പവും, സാധ്യതയും മതിയെന്നു വരുന്നു.

തിരുപ്പിറവിയുമായി ഇടകലർന്നു നില്ക്കുന്ന കഥാപാത്രങ്ങൾ ഏറെയുണ്ട്. മാലാഖയും മറിയവും ജോസഫും, ഇതേമാലാഖയും, സഖറിയായും, ഏലിസബേത്തും യോഹന്നാനും മാത്രമല്ല ഇക്കൂട്ടത്തിൽ. വിദ്വാന്മാരും, ആട്ടിടയരും, എന്തിനേറെ കാലിക്കൂടും അതിനുള്ളിൽ സ്ഥലമൊരുക്കുവാൻ ഒതുങ്ങിനിന്ന കാലികൾ പോലും അവന്റെ രൂപത്തെ പൂർണ്ണമാക്കാൻ സഹകരിച്ചവരാണ്. മുമ്പ് സൂചിപ്പിച്ച വർണ്ണശബളിമയും, അലങ്കരിക്കപ്പെട്ട വഴിയമ്പലവും, രാജകൊട്ടാരവും അവന്റെ സ്വത്വത്തെ വിരൂപമാക്കി. An emblem of the ungodly world-ഇതാണ് വഴിയമ്പലം. ഏറെപ്പേർ ഒരു കുടക്കീഴിൽ താമസിക്കുന്ന സ്ഥലമാണ് സത്രം. പക്ഷേ, പരസ്പര ധാരണയുടെയും, അറിവിന്റെയും കരുതലിന്റെയും, സ്നേഹോഷ്മളതയുടെയും മുറികൾ ഇവിടെയില്ല. A symobl of the worldly heart ഇവിടെ അന്തപുരം ഇതാണ്. സ്വന്ത താത്പര്യ സംരക്ഷകരാണ് കൊട്ടാരത്തിലും. സ്ഥലം കിട്ടിയാൽ തന്നെയും യേശുവിന് ചേരുമോ ഇവിടം?

കാലിത്തൊഴുത്തിലും, കഥാവശേഷരിലും, കാൽവരിയിലുമായി തെളിഞ്ഞു നില്ക്കുന്ന യേശുവാണ് സുപരിചിതൻ. അലങ്കാരങ്ങൾക്കും, ആർഭാടങ്ങൾക്കുമിടയിൽ യേശുവുണ്ടാകുമോ? വലിയ ഇടങ്ങളിൽ ഇടമില്ലെങ്കിലും, കാലിത്തൊഴുത്തിന്റെ കോലവും കിട്ടിയ കീർത്തിയും അലംകൃതമായി നിൽക്കുന്നു. വളരുന്നതും, വളർത്തുന്നതും, വളർന്നെത്തിയതുമായ ജീവിതം കാലിത്തൊഴുത്തിനോളമെങ്കിലും യോഗ്യമോ? വചനത്തിലും, അതിനുടയവനും മുഖ്യ കഥാപാത്രങ്ങളാണ് കാലിത്തൊഴുത്തും ഇടയരും. ലോകപരമായി വലിയ കഥാപ്രാധാന്യം ഇല്ലാത്തവരാണിവർ. കാലിത്തൊഴുത്തും, ഇടയരും സാധ്യതകളാണ് - യേശു രൂപം പ്രാപിക്കാൻ. കാലിത്തൊഴുത്തിലും താഴരുത് ജീവിതം - ജീവിതക്രമവും. വശ്യഭംഗിയും ശോഭയും, തലയെടുപ്പും അതിനില്ലെങ്കിലും. ക്രിസ്തു, രൂപംപ്രാപിക്കാൻ നാമും, നമ്മുടെ ക്രിസ്തുമസ്സും തെല്ലും സഹായിക്കുന്നില്ലേ? സഭയും, ക്രിസ്തുചരിതവും, വിശ്വാസവും ഒരു പായ്ക്കപ്പലെന്നോണം ലോകക്കടലിലാണ് മുന്നേറുന്നത്- മുന്നേറേണ്ടത്. ആർത്തലച്ചുവരുന്ന അലങ്കാരതിരമാലകൾ ഇതിന് മേലെ കുതിച്ചുയരുന്നുണ്ടോ? ക്രിസ്തു എന്ന പുഷ്പം പൂർണ്ണമായി നമ്മിൽ വിരിയുന്നതിനുള്ള സാധ്യതയും, ആവശ്യകതയും സന്ധി ചെയ്യപ്പെടുകയാണോ? ഉൾപ്പുളകമുണർത്തുന്ന ആ ശിശിരരാത്രി നമ്മോടടുക്കുന്നു. ജീവിതം, അതിലെ മൂല്യങ്ങളും, ക്രമങ്ങളും കാലിത്തൊഴുത്തിനോളമെങ്കിലും ഉണ്ടായിരുന്നെങ്കിൽ! ■

# On A Christmas Day

**Petson Peter C**

Christmas morning at Albert's house is an unforgettable experience. It is impossible for anybody visiting his house not to be caught up in the children's wonder and excitement as they opened their presents and exclaimed over each one from Bible story books to I pod wrapped in colour packets. Fun and festivities reaches at its peak by the bursting of the crackers. Children from the neighboring colonies will flock together before Albert's residence attracted by the sound of crackers longing to get their share. Their expectations will never go unheeded as Albert's children would distribute gifts including cakes and crackers to them spreading the joy of Christmas in the entire neighborhood.

Evening brings more happiness when Christmas lights open their eyes spreading its brightness. This time Albert's friends with their families join him in celebrations culminating in dinner. Now the wonderful day is coming to a close as Albert's friends leave his residence one by one showering their greetings while a soft music of carol flowed in the air from a distance. ■




ക്രിസ്തുമസ് ഇതാ അടുത്തുവരുന്നു. അതേക്കുറിച്ച് മാലാഖ പറയുന്നത് ശ്രദ്ധിക്കാം.

"ദൂതൻ അവരോട്: ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" (ലൂക്കോ 2:10,11). മനുഷ്യനായി പിറന്ന ദൈവം സകല മനുഷ്യർക്കും സന്തോഷം നൽകുന്നവനാണ്. അവൻ വർഗ്ഗ വർണ്ണ വ്യത്യാസമെന്യേ സകലർക്കും രക്ഷിതാവാണ്. ക്രിസ്തുവിന്റെ ജനനപ്പെരുന്നാളിനായി - ക്രിസ്തു നമ്മിൽ ഉരുവാകുവാനായി - നോമ്പനുഷ്ഠാനങ്ങളോടെ നാം ഒരുങ്ങുന്ന അവസരമാണല്ലോ. ക്രിസ്തു ഓരോരുത്തർക്കും യാഥാർത്ഥ്യമായി അനുഭവപ്പെടണം.

സമൂഹത്തിൽ ഉന്നതരായ ആരെയെങ്കിലും കണ്ട് സംസാരിക്കണമെങ്കിൽ മുൻകൂട്ടിയുള്ള സന്ദർശനാനുവാദം വേണം. എന്നാൽ രക്ഷകനായ ക്രിസ്തുവിന്റെ അടുത്തുചെല്ലുവാനോ അവനുമായി ആശയവിനിമയം ചെയ്യുന്നതിനോ നമ്മുടെ ആവശ്യങ്ങളും സങ്കടങ്ങളും ആഗ്രഹങ്ങളും അറിയിക്കുന്നതിനോ ഒന്നും മുൻകൂട്ടി അനുവാദം വാങ്ങേണ്ടതില്ല. മറിച്ച് ആവശ്യമായിരിക്കുന്നത് ഒന്നുമാത്രം. അനുതാപപൂർണ്ണവും കാപട്യമില്ലാത്തതുമായ ഒരു നിർമ്മലഹൃദയം. കർത്താവരുളിച്ചെയ്യുന്നു "ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു, ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും" (വെളി 3:20). ഈ ലോകജീവിതത്തിൽ ദൈവം നമ്മോട് കൂടെ ഉണ്ട് എന്ന് ഉറപ്പുവരുത്തിയാൽ പരലോകത്തിൽ അവനോട് കൂടെയുള്ള വാസം നിശ്ചയം. എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും നന്മനിറഞ്ഞ ആശംസകൾ!

**ഫാ. ഒ.വി. ഏലിയാസ്**

# REAP –2010

## MGOCSM ANNUAL CONFERENCE

REAP 2010 - 102nd Annual conference of MGOCSM will be held at St.Peter's Senior Secondary School, kadayirippu [KOLENCHERY, ERNAKULAM] from 28th to 31st December 2010. H.H Baseliose Marthoma Paulose Second, The Catholicos and Malankara Metropolitan of the East, Metropolitans, Clergy and other distinguished personalities will lead the sessions. Speakers include, Sri.Oommen Chandy, Opposition Leader of Kerala, Justice K John Mathew, former Judge of Supreme Court, Justice K Surendra Mohan, Judge of Kerala High Court and Mr. Vijay Menon, HRD Trainer for IAS, IFS Group.

Major events in the programme include Holy Qurbana, Public Meeting, Study Classes, Group discussion, Seminar, Panel Sessions, Gregorian Chanting, Retreat, Counseling, Pilgrimage, Cultural Evening, and Distribution of scholarships to deserving students.

The annual conference is a unique platform for the students and senior members to have a deeper idea and experience on the faith, life and mission of the church. It's a time to assess the love and loyalty to the Lord and His church.

The Theme of the conference is REAPING THE HARVEST based on the biblical passage: "Lift up your eyes, look around you for the fields are white for the harvest"(St. John 4.35). The rich tradition and real turnouts invite us to come together at Kolenchery.

The local units and senior friends are busy with their preparations for making this conference really live and fruitful.

Register your name before 30th November 2010 as the admission is restricted to 400 participants.

Delegates are requested to ensure their participation through out the conference.

Please pray, partake and make this conference a memorable one with heavenly blessings.

[For registration, visit our official website www.mgocsmindia.com.

On phone send sms to 9496326739 / 9447240848 ]

Camp Fee Rs.100 / -

**Fr.VargheseVarghese**
*(General Secretary)*
MGOCSM Student center, Kottayam
*9495020708, 0481 2567338,2506112*

# പ. ബാവാ തിരുമേനിയുടെ ഇടവക സന്ദർശനം

കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായി സ്ഥാനാരോഹണം ചെയ്യപ്പെട്ട പ. ബസേലിയോസ് മാർത്തോമ പൗലൂസ് ദ്വിതീയൻ ബാവ, നവംബർ 14 ഞായറാഴ്ച കത്തീഡ്രലിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. 13 നു വൈകുന്നേരം കത്തീഡ്രലിൽ എഴുന്നള്ളിയ പ. ബാവയെ വൈദികരും ഇടവകജനങ്ങളും ചേർന്ന് ഉചിതമായി സ്വീകരിച്ചു.








# കുടുംബ വിശേഷങ്ങൾ



കത്തീഡ്രൽ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ തുടക്കമായി കുർബ്ബാനയ്ക്കു ശേഷം തടിപ്പണിയുടെ ആരംഭം കുറിക്കുന്നു. 4-11-2010-ൽ നടന്ന ചടങ്ങിൽ ഫാ. ഒ.വി. ഏലിയാസ്, ഫാ. പി.ഐ. വർഗ്ഗീസ് എന്നിവരും ഇടവകാംഗങ്ങളും പങ്കെടുത്തു.



ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ഒക്ടോബർ-നവംബർ മാസങ്ങളിലെ വിതരണം, MGOCSM ന്റെ ആഭിമുഖ്യത്തിൽ നവംബർ 20ന് കോർപ്പറേഷൻ മുൻ കൗൺസിലർ ശ്രീ പി. വി.കെ. കൃഷ്ണകുമാർ നിർവ്വഹിച്ചപ്പോൾ. റവ. ഫാ. പി.ഐ. വർഗ്ഗീസും MGOCSM അംഗങ്ങളും സമീപം.

## വിശേഷദിവസങ്ങൾ

**ഡിസംബർ**

| | | |
|---|---|---|
| 12 ഞായർ | : | യൗസേപ്പിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച |
| 19 ഞായർ | : | ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച |
| 21 ചൊവ്വ | : | മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിമരണത്തിന്റെ ഓർമ്മ |
| 25 ശനി | : | യൽദോ (ജനനപ്പെരുന്നാൾ) |
| 26 ഞായർ | : | വി. ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ. യാക്കോബ് മാർ പോളി കർപ്പോസ് തിരുമേനിയുടെ ഓർമ്മ (കൊരട്ടി) |
| 27 തിങ്കൾ | : | ശിശുവധപ്പെരുന്നാൾ |

Sponsored by:

A WELL WISHER

## അഭിനന്ദനങ്ങൾ



സോണൽ സഹപാഠ്യ മത്സരം 2010-ൽ Election Competition - III Prize, Verses Writing - III Prize ലഭിച്ച സിറിൽ ഫിലിപ്പ് ചാക്കോ (കത്തീഡ്രൽ സണ്ടേ സ്കൂൾ വിദ്യാർത്ഥിയാണ്)



സോണൽ സഹപാഠ്യ മത്സരം 2010ൽ (സീനിയർ) Elecution Competition - I Prize, Single Song - II Prize, Group Song - I Prize ലഭിച്ച കുമാരി ക്രിസ്റ്റീന മറിയം ചാക്കോ (കത്തീഡ്രൽ സണ്ടേ സ്കൂൾ വിദ്യാർത്ഥിനിയാണ്.)



ഉമാദേവി മെമ്മോറിയൽ ഇന്റർസ്കൂൾ കൾച്ചറൽ കോമ്പറ്റീഷൻ 2010 – പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മിഥുൻ റോമിയോ (ചിന്മയ വിദ്യാലയ, വടുതല) സി.ജെ. റോമിയോയുടെയും, അഡ്വ. ബിന്ദു റോമിയോയുടെയും മകനാണ്.



സണ്ടേ സ്കൂളുകളുടെ സോണൽ തലത്തിൽ പാമ്പാക്കുടയിൽ വച്ചു 13-11-2010ൽ നടന്ന ഗ്രൂപ്പ് സോങ് മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ ശിൽപ മേരി ജിജി, സ്നേഹ അന്ന ജിജി, ക്രിസ്റ്റീന മറിയം ചാക്കോ

## മാമോദീസ

1. പച്ചാളം ചെറുവത്തൂർ ശ്രീ. സി. എ. അജിത്തിന്റെയും ശ്രീമതി വിനി അജിത്തിന്റെയു മകൻ ഗ്രിഗറി അജിത് ചെറുവത്തൂർ 12-11-2010 ൽ പരുമല സെമിനാരി പള്ളിയിൽ മാമോദീസ സ്വീകരിച്ചു.
2. എറണാകുളം നോർത്ത് നെച്ചുപ്പാടം ശ്രീ നിതിൻ കുര്യന്റെയും ശ്രീമതി സംഘമിത്രയുടെയും മകൻ യാക്കോബ് (ഷോൺ) 20-11-2010-ൽ കത്തീഡ്രലിൽ മാമോദീസ സ്വീകരിച്ചു.
3. കലൂർ കണ്ടത്തിൽ ശ്രീ ഫിലിപ്പ് മാത്യുവിന്റെയും ശ്രീമതി സ്റ്റെല്ലാ മാത്യുവിന്റെയും മകൻ മാത്യു (അലൻ മാത്യു) 27-11-2010-ൽ കത്തീഡ്രലിൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

## വിവാഹം



അയ്യപ്പൻകാവ് ചെറുവത്തൂർ ശ്രീ. സി. ഐ. ചിന്നന്റെയും ശ്രീമതി സിസിലി ചിന്നന്റെയും മകൻ സാജു ചിന്നനും പാലാരിവട്ടം പുലിക്കോട്ടിൽ ശ്രീ മാനുവൽ വർഗ്ഗീസിന്റെയും ശ്രീമതി മിനി മാനുവലിന്റെയും മകൾ മിമ മാനുവലും തമ്മിലുള്ള വിവാഹം അഭി. യൂഹാനോൻ മാർ പോളികാർപ്പസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ 8/11/2010-ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതരായി



വൈറ്റില പഞ്ചവടി അപ്പാർട്ടുമെന്റിൽ എള്ളുകാലായിൽ ശ്രീ . ഇ. വി. കുരുവിളയുടെ ഭാര്യ ശ്രീമതി മേരി കുരുവിള (82) 11-11-2010 ൽ നിര്യാതയായി. 13-11-2010 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

Editorial Board: P.T. John, K.K. George (94470 40484),Mammen Abraham & Suma Mathew. Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490,**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***